**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2409** **30-09-2025 - ൽ മറുപടിയ്ക്ക്**

**കുറ്റിപ്പുറം ബസ് സ്റ്റാന്റ് നവീകരണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ കോട്ടക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം ബസ് സ്റ്റാന്റ് നവീകരണം സംബന്ധിച്ച പ്രൊപ്പോസലിന്മേൽ തദ്ദേശ സ്വയംഭരണവകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | എ)കുറ്റിപ്പുറം ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന്റെ ഭാഗമായി ഡി.പി.ആർ തയ്യാറാക്കുന്നതിന് 2021-22 സാമ്പത്തിക വർഷത്തിൽ പദ്ധതി വിഭാവനം ചെയ്യുകയും ഡി.പി.ആർ തയ്യാറാക്കുന്നതിനായി 25.00 ലക്ഷം രൂപയും, പദ്ധതി ആരംഭിക്കുന്നതിനായി 1.5 കോടി രൂപയും കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും നീക്കിവെച്ചിട്ടുണ്ട്. മേൽ പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കുന്നതിന് വേണ്ടി ഊരാളുങ്കൽ ലേബർ സൊസൈറ്റിയെയാണ് ഏൽപ്പിച്ചിരിക്കുന്നത്. ആയതുമായി ബന്ധപ്പെട്ട് 4,64,625/- രൂപ കൈമാറിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയ്ക്കായി സോയിൽ ടെസ്റ്റ് പൂർത്തീകരിച്ചിട്ടുണ്ട്. ഇത് കൂടാതെ 20.65 കോടി രൂപയുടെ റഫ് കോസ്റ്റ് റിപ്പോർട്ട് 28.06.2025 -ലെ 4 (1) തീരുമാന പ്രകാരം കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; പ്രവൃത്തി ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കുമോ; പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ? | (ബി) | പ്രസ്തുത സ്ഥലത്തിന്റെ രേഖകളും കൈവശ സർട്ടിഫിക്കറ്റും സമർപ്പിക്കുന്നതിന് കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിനോട് നിർദ്ദേശിച്ചിരുന്നുവെങ്കിലും സ്ഥലത്തിന്റെ പ്രമാണങ്ങൾ ഇല്ലാത്തതും 69,162/2, 162/6A, 163/1A, 163/1B, 163/2 ( പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം ഉൾപ്പെടുന്ന ഭാഗം) എന്നീ സർവ്വേ നമ്പറുകളിൽ 163/1A -ലെ 7.69 ആർസ് ഭൂമിയും 162/6A2 -ലെ 12.95 ആർസ് ഭൂമിയുമാണ് പഞ്ചായത്തിന്റെ കൈവശത്തിലുള്ളത്. കൈവശം സംബന്ധിച്ച് വ്യക്തത വരുത്തുന്നതിനായി താലൂക്ക് ഓഫീസിലേയ്ക്ക് കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിൽ നിന്നും കത്ത് നൽകിയിട്ടുണ്ട്. റവന്യൂ രേഖകൾ പഞ്ചായത്തിന്റെ പേരിൽ ലഭ്യമാകാത്തത് ഡി.പി.ആർ തയ്യാറാക്കുന്നതിന് തടസ്സമായി നിൽക്കുന്നുണ്ടെന്ന വിവരവും ഡി.പി.ആർ ലഭ്യമാക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണെന്നും മലപ്പുറം |

| | | | |
|---|---|---|---|
| | | | ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ